**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 455. 30.06.2014 ൽ മറുപടിയ്ക്ക്.

സ്കൂൾ ബസുകളിലെ യാത്രാസുരക്ഷ

| ചോദ്യം<br>ശ്രീ. ജോസഫ് വാഴക്കൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, വി. ഡി. സതീശൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ ബസുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധനയ്ക്കുള്ള നടപടികളും സ്വീകരിയ്ക്കുന്നുണ്ട്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ ബസ്സുകളുടെ പരിശോധന നടത്തുകയും ഡ്രൈവർമാർക്ക് ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 24/06/2014 ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലോട്ടുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ട ഒട്ടേറെ കാര്യങ്ങളിൽ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി റോഡ് സുരക്ഷാ വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) | മോട്ടോർ വാഹന വകുപ്പിലെ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിരന്തരമായ വാഹന പരിശോധന നടത്തിവരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ റോഡ് സുരക്ഷാ ഗവേഷണ വിഭാഗം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണ |
| (സി) | സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാ | | |

| | | | |
|---|---|---|---|
| | ക്കൾക്കും സ്കൂൾ അധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവൽക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ ; | | ത്തോടെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് സുരക്ഷ സംബന്ധിച്ച പുസ്തകങ്ങൾ, ലീഫ്ലറ്റുകൾ, വീഡിയോകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. വിവിധ സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ്ബ് രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുറമേ റോഡ് സുരക്ഷ സിലബസിൽ ഉൾപ്പെടുത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഡി) | വാഹനസുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് അമിത വേഗം ചെക്കു ചെയ്യുന്നുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ.